## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *195

09-12-2014-ൽ മറുപടിക്ക്

### വ്യാവസായിക മേഖലയിൽ കേന്ദ്ര നിക്ഷേപ തോത്

**ചോദ്യം**

ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)
ശ്രീ. എ.പ്രദീപ്കുമാർ
ശ്രീ. ബി.ഡി.ദേവസ്സി
ശ്രീ. സി.കെ.സദാശിവൻ

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യാവസായിക മേഖലയിൽ കേന്ദ്ര നിക്ഷേപ തോത് എത്രയായിരുന്നുവെന്നും ഇത് സംസ്ഥാനത്തിന് അർഹമായ വിധത്തിലായിരുന്നോയെന്നും വ്യക്തമാക്കാമോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) ഈ സർക്കാരിന്റെ കാലത്ത് വ്യാവസായിക മേഖലയിൽ കേന്ദ്ര നിക്ഷേപത്തിന്റെ തോത് കണക്കാക്കിയിട്ടില്ല. എന്നാൽ വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായം / ഗ്രാന്റിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

കേന്ദ്രസർക്കാരിന്റെ വ്യവസായ വാണിജ്യ മന്ത്രാലയത്തിന്റെ ASIDE സ്കീം മുഖേന ലഭിച്ച ഗ്രാന്റ്.

| Year | Date of allotment | Amount (in lakhs) |
|---|---|---|
| 2011-2012 | 02-06-2011 | 926.0 |
| | 01-10-2011 | 926.00 |
| | | **1852.00** |
| 2012-2013 | 26-06-2012 | 831.00 |
| | 26-10-2012 | 831.00 |
| | | **1662.00** |
| 2013-2014 | 09-05-2013 | 1047.00 |
| | 03-09-2013 | 1047.00 |
| | | **2094.00** |
| | **Grand Total** | **5608.00** |

കേന്ദ്രസർക്കാരിന്റെ ഭക്ഷ്യ സംസ്ക്കരണ വ്യവസായ മന്ത്രാലയത്തിൽ നിന്നും ലഭിച്ച ഗ്രാന്റ്.

| Year | Rs. (in lakhs) |
|---|---|
| 2012-2013 | 467.25 |
| 2013-2014 | 222.00 |
| 2014-2015 | 36.14 |
| **Grand Total** | **725.39** |

ഈ സർക്കാരിന്റെ കാലത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനമായ സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡ് കേന്ദ്ര പൊതുമേഖലാ സ്ഥാപന മായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയു മായുള്ള (SAIL) സംയുക്ത സംരംഭത്തിന്റെ ഭാഗമായി 2011-2012 - ൽ മൂലധന നിക്ഷേപ മായി 3 കോടി രൂപയും 2012-2013 - ൽ സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്നതി നായി 9.71 കോടി രൂപയും 'സെയിൽ' നൽകിയിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി വഴി മൊത്തം 31.17 കോടി രൂപയുടെ നിക്ഷേപം നേടിയെടു ക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര വിഹിത ത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 2011-2012 | - | 1.82 കോടി |
| 2012-2013 | - | 8.12 കോടി |
| 2013-2014 | - | 21.23കോടി |
| 2014-2015 | - | Nil |
| ആകെ | - | 31.17 കോടി |

കേന്ദ്ര സർക്കാരിന്റെ നാഷണൽ ബാംബൂ മിഷനിൽ നിന്നും മുള അനുബന്ധ മേഖലയുടെ ഉന്നമനത്തിനായി സംസ്ഥാന ബാംബൂ മിഷന് 213.28 ലക്ഷം രൂപയുടെ നിക്ഷേപം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

| | | |
|---|---|---|
| 2011-2012 | - | Nil |
| 2012-2013 | - | Nil |
| 2013-2014 | - | 100.75 ലക്ഷം |
| 2014-2015 | - | 112.53 ലക്ഷം |
| ആകെ | - | 213.28 ലക്ഷം |

ഇതു കൂടാതെ സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന പെട്രോളിയം ഉൽപന്നങ്ങളുടെ ആവശ്യകത പരിഗണിച്ച് BPCL തങ്ങളുടെ കൊച്ചി റിഫൈനറിയുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും അനുബന്ധ പദ്ധതികളുടെ വികസനത്തിനുമായി സംസ്ഥാനത്ത് 18,000 കോടി രൂപ നിക്ഷേപം നടത്തുവാൻ പദ്ധതിയിട്ടിട്ടുണ്ട്.

**(ബി)** സംസ്ഥാനത്ത് വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപത്തിൽ കുറവ് വരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

**(ബി)** സംസ്ഥാനത്ത് വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപത്തിൽ കുറവ് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(സി)** നിലവിൽ സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ;

**(സി** സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ ഭരണ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാരിന്

| | |
|---|---|
| അവയിൽ പ്രതിസന്ധി നേരിടുന്നവ ഏതൊക്കെയാണ് ? | ഈ സ്ഥാപനങ്ങളുടെ ദൈനംദിന കാര്യങ്ങളിലോ ഭരണപരമായ മറ്റ് കാര്യങ്ങളിലോ യാതൊരുവിധ നിയന്ത്രണവുമില്ല. ആയതിനാൽ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സാധാരണ രീതിയിൽ സംസ്ഥാന സർക്കാർ വിലയിരുത്താറില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്നവയിൽ പ്രതിസന്ധി നേരിടുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## എഫ്.എ.സി.ടി.

സാമ്പത്തിക പ്രതിസന്ധി നേരിടുന്ന FACT, 991 കോടി രൂപയുടെ ഒരു പുനരുദ്ധാരണ പാക്കേജിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡ് ഫോർ റീസ്ട്രക്ചറിംഗ് ഓഫ് പബ്ലിക് സെക്ടർ എന്റർപ്രൈസസ് (BRPSE) അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. FACT യുടെ സാമ്പത്തിക പ്രതിസന്ധി ലഘൂകരിക്കുവാനായി സംസ്ഥാന സർക്കാർ, FACT തങ്ങളുടെ LNG അധിഷ്ഠിത പ്രവർത്തനങ്ങൾക്കായി വാങ്ങുന്ന LNG യ്ക്ക് KVAT ഒഴിവാക്കി നൽകുവാൻ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## എച്ച്.എൻ.എൽ

ഇറക്കുമതി ചെയ്യുന്ന പത്രക്കടലാസ് എല്ലാ ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കി യിരിക്കുന്നു. അതേ സമയം ഇറക്കുമതി ചെയ്യുന്ന കൽക്കരിക്ക് 2% കസ്റ്റംസ് തീരുവയും 2% സി.വി.ഡി.യും നൽകേണ്ടതുണ്ട്. വർദ്ധിച്ചു വരുന്ന സർവ്വീസ് ടാക്സ് എച്ച്.എൻ.എൽ. - ന് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നു. എന്നാൽ ന്യൂസ്പ്രിന്റിന് എക്സൈസ് തീരുവ ഇല്ലാത്തതിനാൽ അത് സർവ്വീസ് ടാക്സിന് എതിരായി വകവച്ചു കിട്ടുവാൻ സാധിക്കുകയില്ല. ന്യൂസ്പ്രിന്റ് എന്ന ഉല്പന്നം ഓ.ജി.എൽ. (ഓപ്പൺ ജനറൽ ലൈസൻസ്) എന്ന ഗണത്തിൽ പെടുന്നതിനാൽ തീരുവ കൂടാതെ ഇറക്കുമതി ചെയ്യാൻ സാധിക്കുന്നു. എന്നാൽ ഇതു നിർമ്മിക്കാനാവശ്യമായ എല്ലാ വസ്തുക്കൾക്കും ഇറക്കുമതി ചെയ്യുമ്പോൾ എച്ച്.എൻ.എൽ. (2.5% മുതൽ 26.84% വരെ) ഡ്യൂട്ടി കൊടുക്കേണ്ടി വരുന്നു.

## എച്ച്.ഐ.എൽ

കയറ്റുമതി മേഖലയിൽ നിന്നും മികച്ച ആദായം നേടിത്തന്നിരുന്ന എൻഡോസൾഫാന്റെ നിരോധനം യൂണിറ്റിന്റെ ടേൺ ഓവർ ഏറെ കുറയുന്നതിനിടയാക്കി.

## എച്ച്.എം.ടി.

പ്രവർത്തന മൂലധനത്തിന്റെ അഭാവമാണ് എച്ച്.എം.ടി. നേരിടുന്ന പ്രധാന പ്രതിസന്ധി. റിട്ടയർമെന്റിന് അനുസരിച്ച് പുതിയ നിയമനങ്ങൾ ഇല്ലാത്തതും സമയബന്ധിതമായ ശമ്പളപരിഷ്ക്കരണം നടപ്പിലാക്കത്തതു മൂലം വിദഗ്ദ്ധ തൊഴിലാളികൾ രാജിവച്ചു പോകുന്നതും കമ്പനിയുടെ പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്. എച്ച്.എം.ടി. യുടെ കൈവശമുള്ള ഭൂമി സ്വകാര്യ വ്യക്തികൾ / മതസ്ഥാപനങ്ങൾ / തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കൈയ്യേറുന്നതും സ്ഥാപനത്തിന്റെ പ്രതിസന്ധിക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

## ഐ.ആർ.ഇ.എൽ.

ഐ.ആർ.ഇ.എൽ-ന്റെ ഖനന പ്രവർത്തനങ്ങൾക്കെതിരായി തദ്ദേശവാസികൾ തടസ്സങ്ങൾ ഉന്നയിക്കുന്നതുമൂലം കമ്പനി ഏറ്റെടുക്കാനുദ്ദേശിക്കുന്ന ഭൂമിയുടെ വില സംബന്ധിച്ചുള്ള തർക്കവും തദ്ദേശവാസികൾക്ക് കമ്പനിയിൽ ജോലി നൽകണമെന്ന അവകാശവും അതിനോടുള്ള കമ്പനിയുടെ വിയോജിപ്പും മൂലം കമ്പനിയ്ക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുള്ള അസംസ്കൃത വസ്തു ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്.

## എച്ച്.ഒ.സി.

ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡ്, അമ്പലമുഗൾ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനം കഴിഞ്ഞ 3 വർഷമായി സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കമ്പനിയുടെ ഉൽപന്നങ്ങളുടെ അനിയന്ത്രിതമായ ഇറക്കുമതിയാണ് കമ്പനി നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിക്ക് കാരണം. നടപ്പു സാമ്പത്തിക വർഷം ഇറക്കുമതിയെ തടയിടാനായി ആന്റി ഡംബ്ബിംഗ് ഡ്യൂട്ടി ഏർപ്പെടുത്തിയിട്ടുണ്ട്. എങ്കിലും പ്രവർത്തന മൂലധനത്തിന്റെയും അസംസ്കൃത വസ്തുക്കളുടേയും ലഭ്യത കുറവുമൂലം പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തിക്കുന്നില്ല. ഇവയുടെ അഭാവം മൂലം കമ്പനിക്ക് നടപ്പു സാമ്പത്തിക വർഷം പ്രവർത്തന ശേഷിയുടെ 16% മാത്രമേ വിനിയോഗിക്കാൻ സാധിച്ചിട്ടുള്ളൂ. അസംസ്കൃത വസ്തുക്കൾ വാങ്ങിച്ച വകയിലും, ജീവനക്കാരുടെ 4 മാസത്തെ ശമ്പള കുടിശ്ശികയിനത്തിലും 78 കോടി രൂപ കൊടുത്ത് തീർക്കുവാനുണ്ട്.

## ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്

1975 - ൽ പ്രവർത്തനമാരംഭിച്ച ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് ഇപ്പോൾ അഭിമുഖീകരിച്ചു വരുന്ന പ്രതിസന്ധി ഉൽപ്പാദനത്തിനുള്ള ഓർഡർ ലഭിക്കുന്നത് വളരെ കുറവാണെന്നതാണ്.

## കൊച്ചിൻ ഷിപ്പ്‌യാർഡ്

ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായിട്ടും സ്വകാര്യ മേഖലയിൽ പുതിയ കപ്പൽ നിർമ്മാണ ഫാക്ടറികൾ ആരംഭിച്ചതുമൂലവും കൊച്ചിൻ ഷിപ്പ്‌യാർഡിന് മതിയായ ഓർഡർ ലഭിക്കുന്നില്ല. ഗവൺമെന്റിന്റെ കപ്പൽ നിർമ്മാണ ഓർഡറുകളെങ്കിലും കൊച്ചിൻ ഷിപ്പ്‌യാർഡിന് നൽകിയാൽ ഒരുപരിധി വരെ ഈ പ്രതിസന്ധിക്ക് പരിഹാരമാകും.

## കൊച്ചി തുറമുഖം

വല്ലാർപാടത്ത് കപ്പൽ അടുപ്പിക്കാൻ ആവശ്യമായ ആഴം നിലനിർത്തുന്നതിനുള്ള ആവർത്തന ഡ്രെഡ്ജിംഗ് നടത്തേണ്ടിവരുന്നതുകൊണ്ട് കൊച്ചി തുറമുഖത്തിന് പ്രതിവർഷം വളരെ വലിയ തുക ചെലവഴിക്കേണ്ടതുണ്ട്. റവന്യൂ വിഹിതമായി ലഭിക്കുന്ന വരുമാനം ഈ തുകയുടെ മൂന്നിലൊന്നു മാത്രമേയുള്ളൂ. ഈ അവസ്ഥ ഒരു സാമ്പത്തിക പ്രതിസന്ധിയിലേക്ക് കൊച്ചി തുറമുഖത്തെ നയിക്കുകയുണ്ടായി.

സെക്ഷൻ ഓഫീസർ